150 YEARS OF CELEBRATING THE MAHATMA

Break the chain

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ:ഷീബ ജോർജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/2696/2020-SC2

തിരുവനന്തപുരം,
തീയതി. 24/08/2020

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് കോവിഡ്-19 - വയോക്ഷേമം വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും കോൾ സെൻറർ ആരംഭിക്കുന്നതിന് പ്രവർത്തന ഫണ്ട് അനുവദിക്കുന്നത് - സംബന്ധിച്ച്

പരാമർശം : സ.ഉ(സാധാ)നം. 376/2020/സാ.നീ.വ തീയതി.12/08/2020(1

2)14/08/2020, 22/08/2020 തീയതികളിലെ മീറ്റിംഗ് തീരുമാനം

3)ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ പ്രൊപ്പോസലുകൾ

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വൃദ്ധ സദനങ്ങളിൽ കഴിയുന്നവരുടെയും വീടുകളിൽ റിവേഴ്സ് ക്വാറന്റയിനിൽ കഴിയുന്ന മുതിർന്ന പൗരൻമാരുടെയും ആരോഗ്യ പ്രശ്നങ്ങളും അടിയന്തിരാവശ്യങ്ങളും പരിഹരിക്കുന്നതിനും കോവിഡിൽ നിന്നും പ്രതിരോധിക്കുന്നതിനും ജില്ല തലത്തിൽ കാൾ സെന്റർ സ്ഥാപിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും അനുവദിച്ച ശേഷം സർക്കാർ സാധൂകരണം തേടുന്നതിനും പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പരാമർശം(2) പ്രകാരം ചേർന്ന മീറ്റിംഗുകളുടെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും കോൾ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എല്ലാ ജില്ലകളിലും ഇതിലെയ്ക്കുള്ള സാങ്കേതിക പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാൾ സെന്റർ പ്രവർത്തന ക്ഷമമാക്കുന്നതിനു റിക്കറിങ്ങ്, നോൺ റിക്കറിങ്ങ് ഇനങ്ങളിലായി ഫണ്ട് അനുവദിക്കുന്നതിന് ജില്ലാസാമൂഹ്യ നീതി ഓഫീസർമാർ അവശ്യപ്പെട്ടിട്ടുണ്ട് . പ്രസ്തുത പ്രോപ്പോസലുകൾ പരിശോധിച്ചതിൽ കാൾ സെന്റർ രൂപീകരണത്തിനും നടത്തിപ്പിനുമായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് അടിയന്തിരമായി ഫണ്ട് അനുവദിക്കേണ്ടതുണ്ട് എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കാൾ സെന്റർ പ്രവർത്തനം രാവിലെ മുതൽ വരെയും മുതൽ രാത്രി വരെയും ആയതിനാൽ കാൾ സെന്റർ ആവശ്യത്തിനായി നിലവിൽ ജില്ലാ ഓഫീസുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്ന നിരക്കിൽ നിന്നും കൂടാത്ത നിരക്കിൽ ഒരു വാഹനവും അനുവദിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ കോൾ സെന്റർ പ്രവർത്തനത്തിന് ആവശ്യമായ തുക സായംപ്രഭ ശീർഷകത്തിൽ നിന്നും

.അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു

കോൾ സെന്റർ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ഓരോ ജില്ലയ്ക്കും 2 മാസത്തേക്ക് 2,88,000/-(രണ്ട് ലക്ഷത്തി എൺപത്തെട്ടായിരം) രൂപ വീതം 14 ജില്ലയ്ക്ക് 40,32,000/-(നാൽപ്പത് ലക്ഷത്തി മുപ്പത്തി രണ്ടായിരം) രൂപ സായംപ്രഭാ ഹെഡിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

ഇതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ സായംപ്രഭാ ശീർഷകമായ 2235-02-104-82-(പി) ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്. ടി തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് BAMS സംവിധാനം വഴി നൽകേണ്ടതാണ്.

കോൾ സെന്റർ രൂപീകരണത്തിനായി ടി ഫണ്ട് വിനിയോഗിക്കേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രവും ചെലവ് വിവര പട്ടികയും റിപ്പോർട്ടും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ് :

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
4. സൂപ്രണ്ട്, ബിൽ സെക്ഷൻ
5. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**അനുബന്ധം**

1. കോൾ സെന്ററിലേക്ക് ആവശ്യമായ വാങ്ങേണ്ട സാധനങ്ങൾ ഇപ്പോഴത്തെ അടിയന്തിര സാഹചര്യം പരിഗണിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കൊട്ടേഷൻ ഇൻവോയ്സ് 3 സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി ലോവസ്റ്റ് റേറ്റിന് നൽകേണ്ടതാണ്.
2. കോൾസെന്റർ ജീവനക്കാർക്ക് ആവശ്യമായ ഭക്ഷണവിതരണം അതത്

പ്രദേശത്തെ കുടുംബശ്രീ മുഖേന നടത്താവുന്നതാണ്

3. കോൾ സെന്ററിലേക്ക് ആവശ്യമായ വാഹനം നിലവിൽ ജില്ലാ ഓഫീസുകളിൽ വാഹനം വാടകയ്ക്ക് എടുക്കുന്ന നിരക്കിൽ നിന്നും കൂടാത്ത നിരക്കിൽ അംഗീകൃത ടൂർ ഓപ്പറേറ്റേഴ്സിൽ നിന്ന് ക്വട്ടേഷൻ വാങ്ങി റെന്റിന് എടുക്കേണ്ടതാണ്.
4. മേൽപറഞ്ഞ പ്രവർത്തികൾ എല്ലാം പൂർത്തിയാക്കി കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചതിന് ശേഷം സാധൂകരണത്തിന് സാമൂഹ്യനീതി ഡയറക്ടർക്ക് അയക്കേണ്ടതാണ്.
5. തുടർന്നുള്ള മാസങ്ങളിലേയ്ക്ക് കാൾ സെന്റർ പ്രവർത്തനം ദീർഘിപ്പിക്കുന്ന സാഹചര്യത്തിൽ ജില്ലാ ഓഫീസറുടെ പ്രോപ്പോസലിന്റെയും ധനവിനിയോഗ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് വിധേയമായും ഇതിലേയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്.

| ക്രമ നം. | ഐറ്റം | തുക | റിമാർക്ക്സ് |
|---|---|---|---|
| 1. | Non Recurring | | |
| | ഹെഡ് സെറ്റ് ഫോർ കാൾ സെന്റർ | 25000/- (2500*10) | |
| | കേബിൾ പ്ലഗിനുള്ള തുക | 10000/- | |
| | സ്റ്റേഷണറി | 5000/- | |
| | അപ്രതീക്ഷിത ചെലവ് | 5000/- | |
| | Total | 45000/- | |
| 2. | Rent of hired Vehicle | 60000/-(30000*2) | 2 Month Total |
| 3. | ഭക്ഷണം | | |
| | പ്രഭാത ഭക്ഷണം | 600/-(12*50) | |
| | റ്റീ & സ്നാക്ക്സ് | 240/-(12*20) | |
| | ഉച്ച ഭക്ഷണം | 900/-(12*75) | |
| | റ്റീ & സ്നാക്ക്സ് | 240/-(12*20) | |
| | ബ്ലാക്ക് റ്റീ | 120/-(12*10) | |

| | | | |
|---|---|---|---|
| | രാത്രി ഭക്ഷണം | 600/-(12*50) | |
| | ആകെ | 162000/-<br>(2700*30*2) | 2 മാസം |
| 4. | വെള്ളം | 6000/- (100*30*2) | |
| 5. | സാനിറ്റൈസർ(500ml) | 15000/-(250*30*2) | |
| | Total | 288000/- | |
| | Grand Total | 40,32,000/-<br>(288000*14) | |

സാമൂഹ്യനീതി ഡയറക്ടർ